# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4155

17-05-2017 ൽ
മറുപടിയ്ക്ക്

## "നാം മുന്നോട്ട്" എന്ന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൽ ഖാദർ<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രി പൊതുജനങ്ങളുമായി സംവദിക്കുന്നതിന് "നാം മുന്നോട്ട്" എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) 'സുതാര്യ കേരളം ' പരിപാടിയുടെ ഘടനയിലും രൂപത്തിലും മാറ്റം വരുത്തിയുള്ള പരിഷ്കരിച്ച പരിപാടിയാണ് "നാം മുന്നോട്ട്". തെരഞ്ഞെടുത്ത വിഷയത്തിൽ വിദഗ്ധരും വിദ്യാർത്ഥികളും ജനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരും ഉൾപ്പെടുന്ന സദസ്സിനോട് മുഖ്യമന്ത്രി സംവദിക്കുന്ന ഒരു സംവിധാനമാണ് "നാം മുന്നോട്ട്" എന്ന ടെലിവിഷൻ പരിപാടി. സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും ഇവ സംബന്ധിച്ച് അവരുടെ അഭിപ്രായവും നിർദ്ദേശങ്ങളും ആരായുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പരിപാടിയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കാനും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) പ്രസ്തുത പരിപാടി മുഖ്യമന്ത്രിയുടെ പരാതി പരിഹാര ഫോറമായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര ഫോറമായി കൂടി പ്രയോജനപ്പെടുത്താനാവും വിധമാണ് "നാം മുന്നോട്ട്" വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഡി) പ്രസ്തുത പരിപാടി വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ